# യൂറോപ്പിൽ മുസ്‌ലിം അവകാശ സംരക്ഷണ ബോർഡ്

**വർഷങ്ങളായി** ഇസ്‌ലാംവിരോധത്തിന്റെയും മുസ്‌ലിം പീഡനത്തിന്റെയും കഥകൾ മാത്രം കേട്ടുകൊണ്ടിരുന്ന യൂറോപ്പിൽ നിന്ന് അടുത്തിടെ ശ്രദ്ധേയമായ ഒരു വാർത്ത വന്നിരിക്കുന്നു. മുസ്‌ലിംകൾക്കെതിരെ നടക്കുന്ന ദുഷ്പ്രചാരണങ്ങൾക്കും പീഡനങ്ങൾക്കും പരിഹാരം കാണാൻ ഭൂഖണ്ഡാടിസ്ഥാനത്തിൽ ഒരു മുസ്‌ലിം അവകാശ സംരക്ഷണ ബോർഡ് രൂപംകൊണ്ടിരിക്കുന്നു. 2009 നവംബർ 19,20 തീയതികളിൽ ബ്രോകൽസിൽ ചേർന്ന 20ഓളം മുസ്‌ലിം വ്യക്തിത്വങ്ങളുടെ യോഗത്തിലാണ് ഈ ആശയം ഉരുത്തിരിഞ്ഞത്. യൂറോപ്പ് വൻകരയിലെ ഭൂരിപക്ഷം മുസ്‌ലിംകളെയും പ്രതിനിധാനം ചെയ്യുന്ന യൂറോപ്യൻ മുസ്‌ലിം സംഘടനകളുടെ ഐക്യ വേദിയാണ് യോഗത്തിന്റെ സംഘാടകർ.

നിരീക്ഷകർ അഭിപ്രായപ്പെട്ടതുപോലെ യൂറോപ്പിൽ മുസ്‌ലിംകൾക്കു നേരെ വളർന്നുവരുന്ന ശത്രുതാവികാരത്തിന്റെയും അതിക്രമങ്ങളുടെയും ന്യായമായ പ്രതികരണം തന്നെയാണിത്. യൂറോപ്പിന്റെ ഇസ്‌ലാംവിരോധം ഒരു മതത്തോടുള്ള എതിർപ്പ് എന്ന തലം വിട്ട് വംശീയ സ്പർധയുടെ സ്വഭാവം സ്വീകരിച്ചുതുടങ്ങിയിരിക്കുകയാണ്. വിവിധ രാജ്യങ്ങളിലെ വലതുപക്ഷ രാഷ്ട്രീയ കക്ഷികളാണത് നയിക്കുന്നത്. യൂറോപ്യൻ രാഷ്ട്രീയത്തിൽ നിർണായക സ്വാധീനമുള്ള സയണിസ്റ്റുകളുടെ കുടില ഹസ്തങ്ങൾ അതിനു പിന്നിലുള്ളതായി നിരീക്ഷിക്കപ്പെടുന്നുണ്ട്. മുസ്‌ലിംകളോടുള്ള വെറുപ്പ് പർദാ നിരോധവും മിനാര വിരോധവും പിന്നിട്ട് മസ്ജിദ് വിരോധത്തിലേക്ക് പുരോഗമിക്കുമെന്ന് ഉത്കണ്ഠപ്പെടുകയാണ് മുസ്‌ലിംകൾ. ഈ സാഹചര്യത്തിൽ മുസ്‌ലിംകളുടെ ന്യായമായ അവകാശങ്ങൾ ഹനിക്കുന്ന നിയമനിർമാണങ്ങളെ രാഷ്ട്രീയമായും നിയമപരമായും നേരിടാനുള്ള നീക്കത്തിന്റെ ഒന്നാമത്തെ ചുവടുവെപ്പാണ് അവകാശ സംരക്ഷണ ബോർഡിന്റെ രൂപവത്കരണം.

അവകാശ ലംഘനങ്ങൾക്കും പക്ഷപാതപരമായ നിയമനിർമാണങ്ങൾക്കുമെതിരെ പ്രതിഷേധ പ്രകടനങ്ങളും റാലികളും സംഘടിപ്പിക്കുകയാണ് ഒരു രീതി. അത് ചില സ്ഥലങ്ങളിൽ ഇപ്പോൾ തന്നെ ആരംഭിച്ചിട്ടുണ്ട്. ഇത്ര തന്നെ പ്രധാനമാണ് പ്രശ്നങ്ങൾ ഭരണകൂടങ്ങളുടെ മുമ്പിൽ വിശദീകരിക്കുകയും പരിഹാരം കാണാൻ സമ്മർദം ചെലുത്തുകയും ചെയ്യുക എന്നത്. ഇതാണ് അവകാശ സംരക്ഷണ ബോർഡിന്റെ മുഖ്യ ദൗത്യം. ബോർഡിലെ അംഗങ്ങളെല്ലാം പ്രമുഖരും പ്രഗത്ഭരുമാണെന്നാണ് റിപ്പോർട്ട്. മൗലികാവകാശങ്ങൾ, സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ സവിശേഷ പഠനം നടത്തിയ വിദഗ്ധരും അക്കൂട്ടത്തിലുണ്ട്. എങ്കിലും അവകാശ സംരക്ഷണ ബോർഡിന്റെ ജോലി എളുപ്പമായിരിക്കില്ല. അതേപ്പറ്റി യൂറോപ്യൻ മുസ്‌ലിം സംഘടനകളുടെ ഐക്യവേദിയുടെ പ്രസിഡന്റ് ശകീബ് മഖ്‌ലൂഫ് പറയുന്നു: "ഭാരിച്ച ചുമതലയാണ് ബോർഡ് വഹിക്കുന്നത്. അതിനു ചടുലമായി പ്രവർത്തിക്കേണ്ടതുണ്ട്. അതോടൊപ്പം സ്വന്തം ലക്ഷ്യത്തിനനുഗുണമായി വിവിധ ആശയഗതിക്കാരും നയനിലപാടുകാരുമായ മുസ്‌ലിം സംഘടനകളെ പാകപ്പെടുത്തുകയും വേണം." ഒടുവിൽ പറഞ്ഞ പ്രശ്നത്തിന്റെ ആഴം കേരളീയർക്ക് എളുപ്പം മനസ്സിലാകുന്നതാണ്. പേഴ്സണൽ ലോ ബോർഡിന്റെ ഉദാഹരണവും നമ്മുടെ മുന്നിലുണ്ടല്ലോ. യൂറോപ്യൻ മുസ്‌ലിംകളുടെ ഉൽബുദ്ധതയും

അനുഭവ സമ്പത്തും അവർക്ക് പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കാം. യൂറോപ്പിൽ മുസ്‌ലിം അവകാശ സംരക്ഷണ ബോർഡിന്റെ പ്രവർത്തനം വിജയിക്കുകയാണെങ്കിൽ ഏറെക്കുറെ അതേ സാഹചര്യം നേരിടുന്ന അമേരിക്കൻ മുസ്‌ലിംകൾക്കും അതിൽനിന്ന് ഏറെ പഠിക്കാനുണ്ടാകുമെന്ന് അമേരിക്കയിലെ 'കെയറി'ന്റെ ജനറൽ സെക്രട്ടറി ഐമൻ അലി പ്രസ്താവിച്ചത് അനുസ്മരണീയമാണ്.

ഇത്തരം ബോർഡുകളുടെ വിജയം അതിന് ലഭിക്കുന്ന പൊതുവായ അംഗീകാരത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന വസ്തുത അവഗണിക്കാവതല്ല. യൂറോപ്യൻ മുസ്‌ലിം സംഘടനകളുടെ ഐക്യവേദിയിൽനിന്ന് മാറിനിൽക്കുന്ന സംഘടനകൾ അവിടെയുണ്ട്. അതിൽ ഉൾപ്പെട്ടവർ തന്നെ എല്ലാ പ്രശ്നങ്ങളിലും ഒരേസ്വരത്തിൽ സംസാരിക്കുമോ എന്ന പ്രശ്നവുമുണ്ട്. മറ്റെവിടെയോയുമെന്ന പോലെ യൂറോപ്പിലും മുസ്‌ലിംകൾ അഭിമുഖീകരിക്കുന്ന വിപത്താണ് ആഭ്യന്തരമായ ഛിദ്രത. സംഘടനകൾക്കു വേണ്ടി സംസാരിക്കാൻ അവയുടെ നേതാക്കളും പ്രവർത്തകരുമുണ്ട്; സമുദായത്തിനു വേണ്ടി സംസാരിക്കാൻ ആരുമില്ല. ആരെയാണ് ഞങ്ങൾ മുസ്‌ലിംകളുടെ പ്രതിനിധികളായി അംഗീകരിക്കേണ്ടത് എന്ന് ചോദിക്കുമ്പോൾ യൂറോപ്യൻ ഗവൺമെന്റുകൾ വിരൽചൂണ്ടുന്നത് ഈ പ്രശ്നത്തിലേക്കാണ്. കർമശാസ്ത്ര പ്രശ്നങ്ങളാണ് പല ഭിന്നിപ്പുകൾക്കും കാരണം. ഇടക്കിടെ മീഡിയ വഴി ഉണ്ടാകുന്ന ഖണ്ഡനമണ്ഡനങ്ങൾ അതിനു ആക്കം കൂട്ടുന്നു. ഇത്തരം നിഷേധാത്മക സമ്പ്രദായങ്ങൾക്കറുതിവരേണ്ടതുണ്ട്. വ്യത്യസ്തമായ അഭിപ്രായങ്ങളും ചിന്താഗതികളും വെച്ചുപുലർത്തുന്നതോടൊപ്പം തന്നെ തർക്കമില്ലാതെ എല്ലാവരും യോജിക്കുന്ന പൊതു പ്രശ്നങ്ങളിൽ ഒറ്റക്കെട്ടായി നിൽക്കാനും ഒരേ ശബ്ദത്തിൽ സംസാരിക്കാനും കഴിയണം. അപ്പോഴേ ബോർഡ് ശ്രദ്ധിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയുമുള്ളൂ. പുതുതായി രൂപംകൊണ്ട മുസ്‌ലിം അവകാശ സംരക്ഷണ ബോർഡിന് അത് സാധിക്കുമാറാകട്ടെ എന്നും പാശ്ചാത്യ ലോകത്തിനു മാത്രമല്ല പൗരസ്ത്യ ലോകത്തിനും അവർ മാതൃകയാവട്ടെ എന്നും ഞങ്ങളാശംസിക്കുന്നു.

അവകാശ സംരക്ഷണ ബോർഡ് രൂപം കൊണ്ട് ഏതാനും ദിവസങ്ങൾക്കു ശേഷം യൂറോപ്യൻ യൂനിയന്റെ മൗലികാവകാശ കമീഷൻ അതിന്റെ വാർഷിക റിപ്പോർട്ട് സ്വീഡിഷ് തലസ്ഥാനമായ സ്റ്റോക്ക്ഹോമിൽ പുറത്തിറക്കുകയുണ്ടായി. "യൂറോപ്യൻ യൂനിയൻ രാജ്യങ്ങളിൽ മുസ്‌ലിം ന്യൂനപക്ഷങ്ങൾ കടുത്ത വിവേചനത്തിനിരയായി കൊണ്ടിരിക്കുന്നു" എന്ന് ഈ റിപ്പോർട്ട് തുറന്നു സമ്മതിക്കുന്നു. മുസ്‌ലിം അവകാശ സംരക്ഷണ ബോർഡിന്റെ രൂപവത്കരണം അൽപം വൈകിയെങ്കിലും തക്ക സമയത്തുതന്നെയാകുന്നു എന്നതിനുള്ള ആധികാരിക സാക്ഷ്യമാണിത്. ■